*നിറഞ്ഞു കവിഞ്ഞും...*
*ഒഴുക്കുകൾ നനയ്ക്കുന്ന നാട്ടിടങ്ങൾ*

# മുരിങ്ങാമരത്തോപ്പ്

പൂത്തുലഞ്ഞ് നിൽക്കുന്ന പറങ്കിമാവിൻതോപ്പുകൾ. പൂഴിമണൽ നിറഞ്ഞ വഴിയോരങ്ങളിൽ കായ്ച്ചുനിൽക്കുന്ന മുരിങ്ങാമരങ്ങൾ, പച്ചക്കുണുക്കിട്ട് കാറ്റിലാടി ഉലയുന്ന പുന്നമര സുന്ദരികൾ. മണൽപ്പരപ്പിൽ വളർന്നുനിൽക്കുന്ന രാമച്ചക്കാടുകൾ. നാട്ടുമാവുകൾ, പായൽ-ക്കുളങ്ങൾ, കൈത്തോടുകൾ, തോടുകൾക്കിരുപുറവും കരവച്ച പൂക്കൈതകൾ, അറ്റക്കഴകൾ. അതൊരു ദ്വീപായിരുന്നു. മൂന്നു ഭാഗത്തും പുഴ, പടിഞ്ഞാറ് കടൽ.

ഇടിഞ്ഞുപൊളിഞ്ഞ ടിപ്പുസുൽത്താന്റെ പഴയകോട്ട സമുദ്രത്തിന്റെ കൈയേറ്റത്തിൽ തകർന്നിരിക്കുന്നു. തെല്ലുമാറി സേട്ടിന്റെ ബംഗ്ലാവ്. ദേശത്തെ നാടുവാഴിയുടെ കടംവന്ന് ലേലത്തിൽ വച്ച എട്ടുകെട്ട്.

പുഴയിലൂടെ കെട്ടുവള്ളങ്ങളും പായത്തോണികളും തെക്കോട്ടൊഴുകിപ്പോകുന്നത് കാണാമായിരുന്നു. മത്സ്യം വാരിക്കൂട്ടുന്നതിനായി മുങ്ങാങ്കുഴിയിടുന്ന ചീനവലകൾക്കു മുകളിൽ ഉറക്കം നടിച്ചിരിക്കുന്ന പൊന്മകൾ. ധാരാളം വെള്ളക്കൊക്കുകളും പുഴക്കരയിലെ വൃക്ഷങ്ങൾക്കു മുകളിൽ ചേക്കേറിയിരുന്നു.



പിതാവിന്റെ ജന്മദേശത്തെക്കുറിച്ചുള്ള വർണ്ണനകൾ നരേന്ദ്രന്റെ ഉള്ളിൽ പതിഞ്ഞുകിടന്നു. തന്റെ പിതാവിനെക്കുറിച്ചുള്ള ഊഷ്മളസ്മരണകൾ അവനിൽ നിറഞ്ഞുവിതുമ്പി. നീപ്പാളിയായ നരേന്ദ്രന്റെ അമ്മ ഒരു കവയിത്രി-യായിരുന്നു. അവന് അച്ഛനെ നേരിട്ടു കാണാൻ ഭാഗ്യമുണ്ടായിട്ടില്ല.

ഇരുപത്തിമൂന്നു വർഷങ്ങൾ പിന്നിട്ടിരിക്കുന്നു താൻ ജനിച്ചിട്ട്. ഇനിയും അച്ഛനെ നേരിട്ടു കാണാൻ സാധിച്ചിട്ടില്ല. കണ്ടെത്താൻ ശ്രമിക്കുന്നു. അന്വേഷണം തുടരുകയാണ്.

നീപ്പാളിയായ ഗൂർഖാവാച്ച്മാൻ നരേന്ദ്രൻ സ്വന്തം നിലനിൽപ്പിനായി യാത്ര തുടങ്ങിയതാണ്. സ്വന്തം ജന്മദേശത്തുനിന്നും ആരംഭിച്ച ആ യാത്രയിൽ പലേ സ്ഥലങ്ങളും കണ്ടു. നഗരങ്ങളും നാട്ടിൻപുറങ്ങളും. നിരവധി സമ്പന്നന്മാരുടെ ഇരുമ്പുഗെയിറ്റുകൾക്കു മുന്നിൽ പാറാവ് നിന്നു. ഒട്ടേറെ സ്ഥലങ്ങളിൽ ജോലിചെയ്തു.

എവിടെയും ഇതുവരെ ഉറച്ചുനിൽക്കാൻ സാധിച്ചിട്ടില്ല. പലേ കാരണങ്ങളുമുണ്ട്. മനസ്സ് എപ്പോഴും ഏതോ ഒരന്വേഷണത്തിൽ മുഴുകുന്നു. ഉത്തരേന്ത്യയിൽനിന്നും ദക്ഷിണേന്ത്യയിലേക്കുള്ള പ്രയാണം അവിസ്മരണീയമാണ്. കേരളത്തിൽ എത്തിപ്പെടുക നരേന്ദ്രന്റെ ലക്ഷ്യമായിരുന്നു. കേരളത്തിലെവിടെയോ ഒരു ഭാഗത്ത് കിടക്കുന്ന അച്ഛന്റെ ജന്മനാട്. ഏതോ ഒരു ദ്വീപ്. ആ ദ്വീപിൽ ചെന്ന് തനിക്കു ജന്മം നൽകിയവനെ കണ്ടുപിടിക്കണം. എന്നാലേ സ്വസ്ഥത ലഭിക്കൂ.

ഒരിക്കലും പ്രതീക്ഷിച്ചിരുന്നതല്ല, മണപ്പുറത്തെ ഒരു ഗ്രാമത്തിലെ പഞ്ചായത്തിൽ താനൊരു ഗൂർഖാ വാച്ച്മാനായ് നിയോഗിക്കപ്പെടുമെന്ന്. വിധി കാട്ടിത്തന്ന വഴിയാകാം. ഒരുവേള തന്റെ പെറ്റമ്മയുടെ സന്മനസ്സ്. ചേറ്റുവാ മണപ്പുറം. ആ നാമം മാത്രം അവന്റെ മനസ്സിൽ ചെറുപ്പം മുതലേ തറച്ചുനിന്നിരുന്നു. അങ്ങനെ ഒരു സ്ഥലം ഈ ഭൂമുഖത്തുണ്ടോ? ഉണ്ടായിരിക്കണം. ഇല്ലെങ്കിൽ എന്റെ അമ്മ അത്രയും വിസ്തരിച്ച് ചെകിട്ടിലോതിത്തരുമായിരുന്നില്ലല്ലോ. അമ്മ ബോധ്യപ്പെടുത്തുകയായിരുന്നു, പറയുന്ന കാര്യം പൂർണ്ണമായും വിശ്വസിപ്പിക്കാൻ.

തന്റെ പിതാവിന്റെ ജന്മനാടിന്റെ സവിശേഷതകൾ. ആ നാട്ടിൻപുറത്തിന്റെ വിശുദ്ധി. ആ മണ്ണിൽ കാണുന്ന എന്തിനും അതിന്റേതായൊരു പ്രത്യേകതയുണ്ടുപോലും. അമ്മ ജീവിതത്തിലൊരിക്കലും കാണാത്ത ഒരു നാടിനെപ്പറ്റി ഇത്രയും വിസ്തരിച്ചു പറയുന്നതെന്തിന്. നരേന്ദ്രന് ഒന്നിലും വിശ്വാസം തോന്നിയിരുന്നില്ല. അമ്മ എന്തോ കെട്ടുകഥ മെനഞ്ഞുണ്ടാക്കുന്നു. എന്നാൽ അവന് ഒരുകാര്യത്തിൽ അമ്മയോട് അതൃപ്തിയില്ലായിരുന്നു. ഏതോ ഒരു മനുഷ്യൻ എവിടെയോ അവന്റെ അച്ഛനായി ജീവിച്ചിരിപ്പുണ്ട്. ഏകതെളിവ് അച്ഛനും അമ്മയുംകൂടി ഏതോ ഒരു പൂന്തോട്ടത്തിൽവച്ചെടുത്ത ഫോട്ടോ. ആ ഫോട്ടോ മാത്രമാണ് തനിക്കൊരച്ഛനുണ്ടെന്ന സത്യം വെളിപ്പെടുത്തിയത്. ആ മനുഷ്യൻ ജീവിച്ചിരിപ്പുണ്ടോ എന്ന കാര്യംതന്നെ സംശയമാണ്. ഒരുവേള ഉണ്ടായിരിക്കാം. ചിലപ്പോൾ മണ്ണടിഞ്ഞിട്ടുണ്ടാകാം. രണ്ടായാലും ഫലം ഒന്നുതന്നെ!

നീപ്പാളിലെ സോട്ടിയാ ജില്ലക്കാരിയായ അമ്മ. പട്ടാളക്കാരനായ പഴനിക്കാട് ശിവശങ്കരൻ നായർ കണ്ടുമുട്ടിയത് തികച്ചും യാദൃച്ഛികമായിരുന്നുവോ? സുബേദാർ കെ.പി.എസ്. നായരെന്ന അപരനാമധേയത്തിൽ അറിയപ്പെടുന്ന പട്ടാളക്കാരനും നീപ്പാളിലെ ഒരു കുഗ്രാമത്തിൽ ജീവിച്ചിരുന്ന കമ്പിളിയുടുപ്പുകൾ തുന്നി ഉപജീവനം കഴിച്ചിരുന്ന നീപ്പാളി യുവതി ഉഷാകുമാരിയും തമ്മിലെവിടെവച്ചാണ് കണ്ടുമുട്ടിയത്? നീപ്പാളിലെ ഖാട്മാണ്ഡുവിലുള്ള പട്ടാളബാരക്കിൽ വച്ചാണോ? അതോ, ഏതെങ്കിലും ഉദ്യാനത്തിലോ മലഞ്ചരിവിലോ. ഗ്രാമവീഥിയിലോ?

അഞ്ചുവയസ്സു മുതൽക്കേ അച്ഛനെപ്പറ്റി കേൾക്കാൻ തുടങ്ങിയിട്ടുണ്ട്. താൻ ജനിച്ചതു മുതൽക്കേ അമ്മ ദുഃഖിതയാണെന്നറിയാൻ കഴിഞ്ഞു. ഏതോ ഒരു സുഖവാസകേന്ദ്രത്തിൽ വച്ചെടുത്ത ആ പഴയ ഫോട്ടോ നരേന്ദ്രൻ ഇടയ്ക്കിടെ എടുത്തുനോക്കാറുണ്ട്. അമ്മ ആഹ്ലാദവതിയായിരുന്നുവെന്ന് ആ ഫോട്ടോവിൽനിന്നൂഹിക്കാൻ കഴിഞ്ഞിരുന്നു. അച്ഛൻ ഗൗരവക്കാരനും. എന്നാലച്ഛന് പട്ടാളക്കാരന്റെ പതിവുമീശ ഉണ്ടായിരുന്നില്ല. ക്ലീൻ ഷേവ് ചെയ്ത മുഖത്ത് പൗരുഷം മുറ്റിനിന്നിരുന്നു. പൂച്ചക്കണ്ണുകൾ. പുരികക്കൊടി അന്യോന്യം കൂട്ടിമുട്ടിയിരുന്നു. മൂക്ക് ഉരുണ്ട് കട്ടികൂടിയിരുന്നു. കട്ടമൂക്കനും നീലക്കണ്ണുള്ളവനുമായിരുന്ന

ഒരാജാനുബാഹു. അമ്മ ഉയരം കുറഞ്ഞവളായിരുന്നു. അച്ഛനും അമ്മയുംകൂടി ഒരുമിച്ചെടുത്തിട്ടുള്ള ഫോട്ടോ നരേന്ദ്രൻ ഒരു നിധിപോലെ സൂക്ഷിച്ചു. പോകുന്നിടത്തൊക്കെ കൊണ്ടുനടന്നു. തനിക്കമ്മവഴി ലഭിച്ച തകരപ്പെട്ടിയിലതൊരു നിക്ഷേപമായി കിടന്നു.

കാലമേറെ ചെന്നിട്ടും മനസ്സിൽനിന്ന് മാഞ്ഞുപോകാൻ കൂട്ടാക്കാത്ത കഥാപാത്രങ്ങൾ. അച്ഛനും അമ്മയും തന്റെകൂടെ എപ്പോഴുമുണ്ടായിരിക്കുമെന്നവൻ വിശ്വസിച്ചു. അച്ഛനോട് തെല്ല് വെറുപ്പും അമ്മയോട് അളവറ്റ വാത്സല്യവുമായിരുന്നു.

എവിടെ തൊഴിൽ തേടി അലയുമ്പോഴും നരേന്ദ്രൻ അവന്റെ അമ്മയുടെ രൂപം മനസ്സിൽ ധ്യാനിക്കുമായിരുന്നു. അവൻ തന്റെ ദീർഘയാത്രയ്ക്കിടയിലും അമ്മയെപ്പറ്റി ഓർക്കാറുണ്ട്. സാധുവായ തന്റെ അമ്മയെ പറഞ്ഞുപറ്റിച്ച് ഒരക്ഷരം ഉരിയാടാതെ ഒളിച്ചോടിപ്പോയ മുഠാളനായ ആ പട്ടാളക്കാരനെ എന്നെങ്കിലുമൊരിക്കൽ എവിടെയെങ്കിലുംവച്ച് കാണാതിരിക്കയില്ല എന്ന വിശ്വാസം നരേന്ദ്രനിൽ വളർന്നുകൊണ്ടിരുന്നു. അമ്മ ഗർഭിണിയാണെന്നറിഞ്ഞതോടെ ട്രാൻസ്ഫർ വാങ്ങി എവിടേക്കോ സ്ഥലംമാറിപ്പോയ ഭീരു. സുബേദാർ കെ.പി.എസ്. നായർ. താനറിയാതെ പല്ലിറുമ്മിപ്പോകാറുണ്ട്.

കെ.പി.എസ്. നായരെ കണ്ടുപിടിക്കാനുള്ള ശ്രമങ്ങൾ പരാജയപ്പെട്ടുവെങ്കിലും ലക്ഷ്യത്തിൽനിന്നു പിന്മാറാൻ നരേന്ദ്രൻ ഒരുക്കമായിരുന്നില്ല. തനിക്ക് പിതൃത്വം നൽകിയ ആ മനുഷ്യൻ ഒരു വലിയ ആൾമാറാട്ടക്കാരനാണെന്ന് കരുതേണ്ടിയിരിക്കുന്നു. യഥാർഥ മേൽവിലാസം കിട്ടിയാൽ കണ്ടുപിടിക്കാനെളുപ്പമാണ്.

തനിക്കിപ്പോൾ സ്വന്തം കാലിൽ നിവർന്നുനിൽക്കാനുള്ള കഴിവുണ്ട്. ഗൂർഖാവാച്ച്മാനാണെങ്കിലും കഷ്ടിച്ച് ജീവിക്കാനുള്ള വക കിട്ടുന്നുണ്ട്. ആ മനുഷ്യനെ എന്നെങ്കിലും കണ്ടുമുട്ടുകയാണെങ്കിൽ തന്റെ അമ്മ അനുഭവിച്ച യാതനകളെപ്പറ്റി ഓർമ്മപ്പെടുത്തണം.

എഴുത്തും വായനയും കഷ്ടിച്ച് മനസ്സിലാക്കിയതോടെ ജനിച്ച ഗ്രാമത്തിൽനിന്നും ഇറങ്ങിപ്പുറപ്പെട്ടതാണ്. വിശാലമായ ഈ ലോകത്തിന്റെ ഏത് മൂലയിൽനിന്നാണ് തനിക്കഭയം ലഭിക്കുക?

തന്റെ സർവസ്വവുമായിരുന്ന അമ്മയെ മറവുചെയ്ത ഗ്രാമത്തിൽനിന്ന് ഇറങ്ങിത്തിരിച്ചപ്പോൾ നരേന്ദ്രന്റെ കണ്ണ് നിറഞ്ഞൊഴുകി. ചളിമണ്ണുകൊണ്ട് നിർമ്മിച്ച ശവക്കൂനയിൽ അമ്മയെ മനസ്സിൽ ധ്യാനിച്ചുകൊണ്ട് നാൽപ്പാമരത്തിന്റെയും പാരിജാതത്തിന്റെയും ഇലകൾ കൂട്ടിക്കെട്ടിയുള്ള കമ്പുകൾ ഒടിച്ചുകുത്തിയപ്പോൾ തനിക്കവസാനമായി ചെയ്യാനുള്ള കർമ്മങ്ങൾ അനുഷ്ഠിച്ചുവെന്ന കൃതാർഥതയനുഭവപ്പെട്ടു. വരുംകാലങ്ങളിൽ എന്തൊക്കെയാണ് സംഭവിക്കാൻ പോകുന്നതെന്നവനറിഞ്ഞുകൂടായിരുന്നു.

തന്റെ പ്രിയങ്കരനായ കാമുകൻ തന്നെയും ജനിക്കാൻപോകുന്ന കുഞ്ഞിനെയും പൊന്നുപോലെ നോക്കി സംരക്ഷിക്കുമെന്ന വിശ്വാസക്കാരിയായിരുന്നു അമ്മ. ശുദ്ധഗതിക്കാരി. കഷ്ടിച്ച് ഏതാനും മാസങ്ങൾ മാത്രം നീണ്ടുനിന്ന ആത്മബന്ധത്തിന്റെ നിറപ്പകിട്ടാർന്ന ദിനങ്ങളുടെ മാധുര്യവും സ്മരണയും അമ്മയുടെ കവിളിൽ കണ്ണീരായൊട്ടിനിന്നു.

എന്തുകൊണ്ടാണച്ഛൻ അമ്മയെ ഉപേക്ഷിച്ചുപോയതെന്ന നരേന്ദ്രന്റെ ചോദ്യത്തിന് അമ്മയ്ക്ക് വ്യക്തമായ ഉത്തരമില്ലായിരുന്നു. അവർ പലപ്പോഴും മൗനിയും നിർവികാരിയുമായി.

അച്ഛൻ തന്നെ എന്നെന്നേക്കുമായി ഉപേക്ഷിച്ചിട്ടില്ലെന്നും ഏതോ ഒരജ്ഞാതശാപത്താൽ മറക്കാനിടയായതാണെന്നും ധരിപ്പിക്കാൻ ചിലപ്പോൾ ശ്രമിച്ചിരുന്നു.

അച്ഛന്റെ വരവു പ്രതീക്ഷിച്ച് നരേന്ദ്രൻ അനേകനാളുകൾ തള്ളിനീക്കി. ഒടുവിലവന് അമ്മയുടെ വാക്കുകളിൽ വിശ്വാസമില്ലാതായി.

ട്രക്കുകളിലും ജീപ്പുകളിലും കുത്തിനിറച്ച പട്ടാളക്കാരെ കയറ്റിയ വണ്ടികൾ നിരത്തിലൂടെ പാഞ്ഞുപോകുമ്പോൾ നരേന്ദ്രൻ നോക്കിനിൽക്കുമായിരുന്നു. ആ കൂട്ടത്തിൽ തന്റെ അച്ഛനും ഉണ്ടായിരിക്കാമെന്നവൻ കരുതിയിട്ടുണ്ടാവാം. ഒരുനാൾ തന്നെയും അമ്മയെയും ജന്മനാട്ടിലേക്ക് കൊണ്ടുപൊയ്ക്കൂടായ്കയില്ല. അവൻ ആശ്വാസംകൊണ്ടു.

അച്ഛന്റെ രൂപം ഇപ്പോൾ മാറിയിട്ടുണ്ടാകുമോ? തന്റെ അച്ഛന്റെ നിറം വെളുപ്പുകലർന്ന ചുകപ്പാണെന്ന് അമ്മ പറയാറുണ്ടായിരുന്നു. കറുകറുത്ത ചുരുണ്ട മുടി. തിളങ്ങുന്ന പൂച്ചക്കണ്ണുകൾ.

കടുകിന്റെ ചെടിയുടെ മഞ്ഞപ്പൂക്കളും കുടകപ്പാലയുടെ വെളുത്ത പൂങ്കുലകളും മലങ്കാറ്റിന് സുഗന്ധമേകി. നീപ്പാളിലെ വിശുദ്ധനദിയായ ഖണ്ഡകയിലെ സ്ഫടികക്കല്ലുകൾ പലതും ഋതുഭേദങ്ങൾക്കൊത്ത് സാളഗ്രാമങ്ങളായി രൂപാന്തരപ്പെട്ടു. കൃഷ്ണശിലകൾ നദീപ്രവാഹത്തിൽ അലിഞ്ഞ് ധാതുക്കളായി മാറി. കാലം കൊഴിച്ചിട്ട ഇലകൾ മണ്ണിനെ ഉർവരയാക്കി.

ഭൂർജപത്രങ്ങൾ പെറുക്കിയെടുത്ത് കെട്ടുകളാക്കി തലച്ചുമടേറ്റി ബദരിയിലും കേദാർനാഥിലും സന്ദർശനം നടത്തുന്ന തീർഥാടകർക്ക് വിറ്റ് കാശാക്കി രോഗിണിയും ദുഃഖിതയുമായ പെറ്റമ്മയെ പോറ്റാൻവേണ്ടി പാടുപെട്ട നാളുകൾ. മഞ്ഞും മഴയും വെയിലും വകവയ്ക്കാതെയുള്ള മലഞ്ചരിവിലൂടെയുള്ള ഏകാന്തയാത്ര. നരേന്ദ്രന്റെ കണ്ണുകൾ ഈറനായി.

തന്റെ പിതാവെന്നു പറയുന്ന മനുഷ്യൻ ഒട്ടുംതന്നെ മനസ്സാക്ഷിയില്ലാത്തവനായിരുന്നു എന്ന തിരിച്ചറിവ് കാലം ചെല്ലുന്തോറും നരേന്ദ്രനിൽ വൈരാഗ്യവും വെറുപ്പും സൃഷ്ടിച്ചു.


കണ്ടെത്തുന്നതുവരെ അന്വേഷിച്ചുകൊണ്ടേയിരിക്കും. തീരുമാനത്തിലുറച്ചുനിന്നു.

ഒരിക്കലവൻ ബുദ്ധഗയ സന്ദർശിച്ചു. തഥാഗതന്റെ സന്നിധാനത്തിൽ, ധ്യാനനിമഗ്നനായിരുന്നു. സുത്തങ്ങൾ സങ്കീർത്തനങ്ങളായി ആലപിക്കുന്ന ഭജനകളിൽ പങ്കെടുത്തു. ബുദ്ധവിഹാരം സന്ദർശിക്കുന്നവർക്ക് പുരോഹിതൻ ചിട്ടപ്പടി വച്ചുപോരുന്ന നാൾവഴിപ്പുസ്തകത്തിന്റെ ഏടുകളിൽനിന്ന് പരതിയെടുത്തു കൊടുക്കുന്ന ബോധിവൃക്ഷത്തിന്റെ ഉണങ്ങിയ ഇലകളിലൊന്ന് നരേന്ദ്രനും ലഭിച്ചു. ലാമയിൽനിന്നും ഭക്ത്യാദരപുരസ്സരം അവനത് ഏറ്റുവാങ്ങി കണ്ണിൽ സ്പർശിച്ചു പ്രധാനപുരോഹിതൻ നാവൂറ് പാടി. ഫലം പറഞ്ഞു.

അന്വേഷിച്ചുകൊണ്ടിരിക്കുന്നത് കണ്ടെത്താതിരിക്കയില്ല. അന്വേഷിച്ചുകൊണ്ടേയിരിക്കുക. അന്വേഷണത്തിലാണ് ശ്രദ്ധിക്കേണ്ടത്. ശ്രമം ഉപേക്ഷിക്കരുത്. നരേന്ദ്രന് ബുദ്ധസന്യാസിയുടെ വാക്കുകൾ ദൈവത്തിന്റെ വചനമാണെന്ന് തോന്നിപ്പോയി.

കുറിയ കണ്ണുകൾ മിഴിച്ച് മുണ്ഡിതശിരസ്കനായ സന്യാസിയുടെ മുഖത്തേക്ക് ഉറ്റുനോക്കി.

ബുദ്ധസന്യാസിയുടെ ചുണ്ടുകൾ ആമന്ത്രിച്ചു. വിശദീകരണമെന്നപോലെ. അന്വേഷിച്ചാലേ കണ്ടെത്തൂ. കണ്ടെത്തുന്ന നിമിഷം ആനന്ദാനുഭൂതി കൈവരുന്നു. അതാണ് മോക്ഷം.



മുഴുവനും മനസ്സിലായില്ല. എങ്കിലും ചില വാക്കുകളിൽ സത്യത്തിന്റെ സ്ഫുരണങ്ങളുണ്ടെന്ന് തോന്നിപ്പിച്ചു.

സത്യങ്ങൾ ഭാഗികങ്ങളാണ് മകനേ. പൂർണ്ണമായിട്ടൊന്നുമില്ല. പൂർണ്ണത കൈവരിക്കുന്നതാണ് സത്യം. ബോധിസത്വൻ സത്യം കണ്ടെത്തിയവനാണ്. അന്വേഷിച്ചുപോയപ്പോഴാണ് സത്യം കണ്ടെത്തിയത്. കുട്ടീ, നിനക്കും സത്യം കണ്ടെത്താനാകും. തഥാഗതൻ എന്തെങ്കിലും മാർഗനിർദേശം തരാതിരിക്കില്ല.

നരേന്ദ്രന്റെ പൊള്ളുന്ന മനസ്സിന്റെ ഉള്ളറയിൽ തെല്ലുനേരം സാന്ത്വത്തിന്റെ കുളിർകാറ്റ് വീശിയോ?

മിനിഗൾഫായ മണപ്പുറത്തെ പുതുതായി രൂപംകൊണ്ട ഒരു കൊച്ചു ഗ്രാമത്തിൽ നരേന്ദ്രൻ എത്തിപ്പെട്ടത് തികച്ചും യാദൃച്ഛികമായിട്ടായിരുന്നു. ഒരു ഗൂർഖാ വാച്ച്മാന്റെ ആവശ്യം കാണിച്ചുകൊണ്ടുള്ള അറിയിപ്പിനെ തുടർന്നാണ് ജോലിക്ക് അപേക്ഷിച്ചത്. നാട്ടിൽ രാത്രിസമയങ്ങളിൽ കളവുകൾ നടക്കുന്നു. സാമൂഹ്യദ്രോഹികൾ പച്ചപ്പകൽപോലും സ്ത്രീകളെ അപമാനിക്കുവാൻ മുതിരുന്നു. അതുകൊണ്ട് ഗ്രാമത്തിന്റെ സുരക്ഷിതത്വത്തിനായി വന്ന പുതിയ കാവലാളാണ് നരേന്ദ്രൻ. പല വീടുകളിലും നരേന്ദ്രൻ കയറിയിറങ്ങി. രാത്രി ഡ്യൂട്ടി.

തെരുവുകളിൽ വലിയ ടോർച്ചുലൈറ്റുമായി റോന്തുചുറ്റി. അവനെ ആ ഗ്രാമവാസികൾ എന്തുകൊണ്ടോ കൂടുതൽ ഇഷ്ടപ്പെട്ടു.

വിനയത്തോടെയുള്ള പെരുമാറ്റം. ആത്മാർഥതയോടെ ചെയ്യുന്ന പ്രവൃത്തി. മിടുക്കൻ. സത്യസന്ധൻ. ഗ്രാമീണർ അവനെ പുകഴ്ത്താൻ മറന്നില്ല.

നരേന്ദ്രൻ പഞ്ചായത്തിലെ വാർഡ് നമ്പർ ഒമ്പതിലെ 255-ാം വീട് നമ്പർ പ്രത്യേകം ശ്രദ്ധിക്കാനിടയായി. അവിടത്തെ ഗൃഹനാഥനുമായെന്തോ പൂർവബന്ധമുള്ളതുപോലെ. ആരും തരാത്ത മാസവരി കിട്ടുന്ന ഒരേയൊരു വീട്.

വീട്ടുചുമരിൽ ഘടിപ്പിച്ച കോളിങ് ബെല്ലിൽ ബലമായി വിരലമർത്തി. പതിവില്ലാത്ത മുഴക്കത്തിൽ തുടർച്ചയായി ബെല്ലടി കേട്ടപ്പോൾ വീട്ടമ്മ വാതിൽ തുറന്നു. ഗൂർഖാവാച്ച്മാൻ നരേന്ദ്രനാണ്. മാസവരിക്കുവേണ്ടി നേരത്തേ വന്നതാവും. ജന്മനാട്ടിൽ പോകുവാനുദ്ദേശിക്കുന്നുണ്ടാവണം. പുറത്തേക്കു വന്നത് ഗൃഹനാഥനായിരുന്നു.

നരേന്ദ്രൻ ആ മനുഷ്യനെ നാളിതുവരെ കാണാത്തമട്ടിൽ തുറിച്ചുനോക്കി. ആളെ പിടികിട്ടി. എന്തു പറയണമെന്നറിയാതെ തരിച്ചു. തെല്ലിട കിതച്ചു.

വയസ്സനായ ആ റിട്ടയേർഡ് സുബേദാർ സാഹിബിനെ ഭവ്യമായി സലാം ചെയ്തുകൊണ്ടവൻ പടിയിറങ്ങി. വിയർപ്പിൽ കുളിച്ച നരേന്ദ്രൻ നീണ്ടുകിടക്കുന്ന മണൽപ്പാതയിൽ ചെന്നുകയറി. വീണ്ടും വലിഞ്ഞുനടന്നു. ബസ്സ്റ്റോപ്പിലേക്ക് എത്തിച്ചേരാൻ. സമയം വൈകിയിരിക്കുന്നു. ഇരുൾമൂടിയ സന്ധ്യ മുരിങ്ങാമരത്തോപ്പുകളെയും പുന്നമരക്കൂട്ടങ്ങളെയും തന്നിൽനിന്ന് അകറ്റുകയാണെന്ന ബോധം അവനെ അസ്വസ്ഥനാക്കി.

അനുഭവങ്ങളുടെ നേർരേഖകൾ

(ഉണ്ണിക്കൃഷ്ണൻ പുതൂർ)

"ഒട്ടേറെ സ്ഥലങ്ങളിൽ ജോലി ചെയ്തു. എവിടെയും ഇതുവരെ ഉറച്ചുനിൽക്കാൻ സാധിച്ചിട്ടില്ല."

നരേന്ദ്രന്റെ മനസ്സിൽ സംഘർഷമുണ്ടാവാനുള്ള കാരണങ്ങൾ എന്തെല്ലാം? **നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.**

- "പച്ചക്കുണുക്കിട്ട് കാറ്റിലാടി ഉലയുന്ന പുന്നമരസുന്ദരികൾ. മണൽപ്പരപ്പിൽ വളർന്നുനിൽക്കുന്ന രാമച്ചക്കാടുകൾ. നാട്ടുമാവുകൾ, പായൽക്കുളങ്ങൾ, കൈത്തോടുകൾ, തോടുകൾക്കിരുപുറവും കരവെച്ച പൂക്കൈതകൾ, അറ്റക്കഴകൾ."
- "ഉത്തരേന്ത്യയിൽനിന്നും ദക്ഷിണേന്ത്യയിലേക്കുള്ള പ്രയാണം അവിസ്മരണീയമാണ്. കേരളത്തിൽ എത്തിപ്പെടുക നരേന്ദ്രന്റെ ലക്ഷ്യമായിരുന്നു. കേരളത്തിലെവിടെയോ ഒരു ഭാഗത്ത് കിടക്കുന്ന അച്ഛന്റെ ജന്മനാട്."

അച്ഛന്റെ ജന്മദേശത്തെക്കുറിച്ചുള്ള ഓർമ്മകൾ നരേന്ദ്രനിൽ സൃഷ്ടിക്കുന്ന വൈകാരികാനുഭവങ്ങൾ എന്തെല്ലാം? മറ്റു സന്ദർഭങ്ങൾകൂടി വിശകലനം ചെയ്ത് **കണ്ടെത്തലുകൾ അവതരിപ്പിക്കുക.**

- "നരേന്ദ്രന്റെ പൊള്ളുന്ന മനസ്സിന്റെ ഉള്ളറയിൽ തെല്ലുനേരം സാന്ത്വത്തിന്റെ കുളിർകാറ്റ് വീശിയോ ?"
- "ഇരുൾമൂടിയ സന്ധ്യ മുരിങ്ങാമരത്തോപ്പുകളെയും പുന്നമരക്കൂട്ടങ്ങളെയും തന്നിൽ നിന്ന് അകറ്റുകയാണെന്ന ബോധം അവനെ അസ്വസ്ഥനാക്കി."

ഇത്തരം വാക്യങ്ങൾ കഥാസന്ദർഭത്തെ ഭാവസാന്ദ്രമാക്കുന്നതെങ്ങനെ ? **വിശകലനം ചെയ്യുക.**

- ചീനവലകൾക്കു മുകളിൽ പൊന്മകൾ ഉറങ്ങുന്നു.
  ചീനവലകൾക്കു മുകളിൽ ഉറക്കം നടിച്ചിരിക്കുന്ന പൊന്മകൾ.
- പിതാവിന്റെ ജന്മദേശത്തെ വർണ്ണിക്കുന്നു.
  പിതാവിന്റെ ജന്മദേശത്തെക്കുറിച്ചുള്ള വർണ്ണന.

അടിവരയിട്ട പദജോഡികൾ തമ്മിലുള്ള ബന്ധം വ്യക്തമാക്കുക. കൂടുതൽ ഉദാഹരണങ്ങൾ **കണ്ടെത്തി പട്ടികപ്പെടുത്തുക.**

തന്റെ പിതാവിനെ കണ്ടുമുട്ടിയതിനുശേഷം നരേന്ദ്രന്റെ മനസ്സിലേക്ക് കടന്നുവരുന്ന ചിന്തകൾ എന്തൊക്കെയാവാം? അവ **സങ്കല്പിച്ച് എഴുതുക.**

പ്രമേയം, ആഖ്യാനരീതി, ഭാഷ തുടങ്ങിയവ പരിഗണിച്ച് കഥയ്ക്ക് **ആസ്വാദനം തയ്യാറാക്കുക.**

നിങ്ങളുടെ ദേശത്തിന്റെ പ്രകൃതിഭംഗിയും സാംസ്കാരികത്തനിമയും മറ്റു സവിശേഷതകളും ഉൾപ്പെടുത്തി **സർഗാത്മകരചനകൾ, റീലുകൾ, ലഘുഡോക്യുമെന്ററികൾ എന്നിവ തയ്യാറാക്കുക.**

ദേശം എഴുത്തുകാരെയും സാഹിത്യകൃതികളെയും സ്വാധീനിച്ചതിലെ വൈവിധ്യം പരിചയപ്പെട്ടല്ലോ. യൂണിറ്റിലെ രചനകളും നിങ്ങളുടെ വായനാനുഭവങ്ങളും അടിസ്ഥാനമാക്കി 'ദേശവും എഴുത്തും' എന്ന വിഷയത്തിൽ **ഉപന്യാസം തയ്യാറാക്കുക.**